തീയതി 11.08.2017

# കിഫ്ബിയിൽ ആദ്യ ഫണ്ട് മരാമത്ത് വകുപ്പിന് : മന്ത്രി ജി.സുധാകരൻ

സംസ്ഥാനത്ത് കിഫ്ബി വഴി നടപ്പിലാക്കുന്ന പ്രോജക്ടുകളിൽ ആദ്യമായി ഫണ്ട് ലഭിച്ചത് പൊതുമരാമത്ത് വകുപ്പിന്റെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ റോഡ്സ് & ബ്രിഡ്ജസ് ഡവലപ്പ്മെന്റ് കോർപ്പറേഷനാണെന്ന് മന്ത്രി ജി.സുധാകരൻ അറിയിച്ചു.

ഭരണപരിഷ്കാര കമ്മീഷൻ ചെയർമാനായ വി.എസ്. അച്യുതാനന്ദന്റെ മണ്ഡലമായ മലമ്പുഴയിലുള്ള അകത്തേത്തറ റെയിൽവേ ഓവർ ബ്രിഡ്ജിന്റെ നിർമ്മാണത്തിലുള്ള ഡി.പി.ആറിൽ ഉൾപ്പെട്ട റെയിൽവേക്കു നൽകാനുള്ള സെന്റേജ് ചാർജ്ജ് 16.50 ലക്ഷം രൂപയാണ് ആദ്യമായി കിഫ്ബിയിൽ നിന്ന് അനുവദിച്ചത്. ഇതിനുള്ള ബിൽ കിഫ്ബിയിൽ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഫണ്ട് അനുവദിച്ച് നൽകിയത്. മറ്റു പ്രവൃത്തികളുടെ ഇൻവെസ്റ്റിഗേഷനു ആവശ്യമായ ഫണ്ട് ഇത്തരത്തിൽ ബിൽ നൽകി ആവശ്യപ്പെടേണ്ടതാണെന്നും മന്ത്രി അഭിപ്രായപ്പെട്ടു. കിഫ്ബിയിൽ ആദ്യമായി തുടങ്ങിയ പ്രവൃത്തി അമ്പലപ്പുഴ - തിരുവല്ല റോഡും പൊതുമരാമത്ത് വകുപ്പിന്റെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ വഴി ചെയ്യുന്ന പ്രവൃത്തിയാണെന്നും മന്ത്രി ജി.സുധാകരൻ അറിയിച്ചു.

3500 കോടിയുടെ മലയോര ഹൈവേയും 6500 കോടിയുടെ തീരദേശപാതയും ഉൾപ്പെടെ വലിയ പ്രോജക്ടുകൾ ഈ വർഷം തന്നെ ഡി.പി.ആർ തയ്യാറാക്കി പ്രവൃത്തികൾ തുടങ്ങുന്നതിനുള്ള തയ്യാറെടുപ്പുകൾ നടത്തിയുണ്ടെന്നും, പൊതുമരാമത്ത് വകുപ്പിനു കീഴിലുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിളുകൾ വഴി ഏറ്റെടുത്ത കിഫ്ബി പ്രോജക്ടുകളുടെ നിർവ്വഹണത്തിനു വകുപ്പിന്റെ ഭാഗത്തു നിന്നു ചെയ്യേണ്ട കാര്യങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുമെന്നും മന്ത്രി ജി.സുധാകരൻ അറിയിച്ചു.